# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **14/02/2013 ൽ മറുപടിക്ക്**

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം**

**ചോദ്യം** **മറുപടി**

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. എളമരം കരീം
ശ്രീ.കെ. രാധാകൃഷ്ണൻ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; എത്രയെണ്ണം സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; | (എ) | ഉണ്ട്<br>നിലവിൽ മൂന്നു കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | സർക്കാർ ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു; ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സർക്കാർ 23.60 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി. തുക പ്രസ്തുത ആവശ്യത്തിനായി ചിലവഴിച്ചു വരുന്നു. |
| (സി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ വിതരണം ചെയ്യുന്ന മരുന്നു വാങ്ങാൻ അധിക തുക നൽകാത്തതിനാൽ | (സി) | ഇല്ല. മരുന്നു കമ്പനികൾ 30 മുതൽ 60 ദിവസം വരെയുള്ള ക്രെഡിറ്റ് കാലാവധിയിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ മരുന്നുകൾ |

| | | | |
|---|---|---|---|
| | കെ.എം.എസ്.സി.എൽ. ആശുപത്രികളിലൂടെ സൗജന്യ വിതരണത്തിനായി മരുന്ന വാങ്ങാനുള്ള തുക വകമാറ്റി വിലകുറച്ച് വില്ക്കാനുള്ള മരുന്ന വാങ്ങുന്നതിനാൽ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന പാവപ്പെട്ട രോഗികൾ മരുന്ന കിട്ടാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | വില്പനയ്ക്കായി നൽകുന്നത്. ആയതിനാൽ കമ്പനികൾ ലഭ്യമാക്കുന്ന മരുന്നുകൾ വില്പന നടത്തിയശേഷം മാത്രമേ വില നൽകുന്നുള്ളൂ. 90 ദിവസത്തിനകം മരുന്നുകൾ വിറ്റുപോയില്ലെങ്കിൽ പ്രസ്തുത മരുന്ന് കമ്പനികൾ തിരികെ കൊണ്ടുപോകുന്നതാണ്. 3 കോടി രൂപ മരുന്ന വാങ്ങുന്നതിനായി വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്ന് ഔട്ട്‌ലെറ്റുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 50.83 ലക്ഷം രൂപ മാത്രമേ കെ.എം.എസ്.സി.എൽ ഫണ്ടിൽ നിന്നും ഉപയോഗിച്ചിട്ടുള്ളൂ. ഇക്കാരണത്താൽ സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് മരുന്ന് കിട്ടാത്ത അവസ്ഥ ഉണ്ടായിട്ടില്ല. |
| (ഡി) | എങ്കിൽ ഉടൻ തന്നെ ഫണ്ട് കൈമാറാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | 23.60 കോടി രൂപ ഇതിനകം കെ.എം.എസ്.സി.എൽ ന് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ